148/2013 - M

A

1. 32124 എന്ന സംഖ്യയെ 9999 എന്ന സംഖ്യകൊണ്ട് ഗുണിച്ചാൽ എത്ര കിട്ടും ?

(A) 321207875 (B) 321207876 (C) 321207856 (D) 321207866

2. $\frac{12}{15}, \frac{12}{21}, \frac{12}{28}, \frac{12}{17}$ ഈ ഭിന്നങ്ങളുടെ അവരോഹണ ക്രമം ഏത് ?

(A) $\frac{12}{15}, \frac{12}{17}, \frac{12}{21}, \frac{12}{28}$ (B) $\frac{12}{28}, \frac{12}{21}, \frac{12}{17}, \frac{12}{15}$ (C) $\frac{12}{15}, \frac{12}{17}, \frac{12}{28}, \frac{12}{21}$ (D) $\frac{12}{15}, \frac{12}{21}, \frac{12}{17}, \frac{12}{28}$

3. $3x+8 : 2x+3 = 5 : 3$ എങ്കിൽ $x$-ന്റെ വില എത്ര?

(A) 11 (B) 5 (C) 8 (D) 9

4. ഒരു പരീക്ഷയിൽ മീനുവിന് 343 മാർക്കും സീമയ്ക്ക് 434 മാർക്കും ലഭിച്ചു. സീമയ്ക്ക് 62% മാർക്കാണ് ലഭിച്ചത് എങ്കിൽ മീനുവിന് എത്ര ശതമാനം മാർക്ക് ലഭിച്ചു.

(A) 38% (B) 39% (C) 49% (D) 48%

5. ഒരാൾ 150 രൂപയ്ക്ക് ഒരു സാധനം വിറ്റപ്പോൾ 25% നഷ്ടം ഉണ്ടായി. 30% ലാഭം കിട്ടണമെങ്കിൽ അയാൾ അത് എത്ര രൂപയ്ക്ക് വിൽക്കണമായിരുന്നു ?

(A) 260 (B) 160 (C) 180 (D) 205

6. ഒരാൾ A -യിൽ നിന്ന് B -യിലേക്ക് സ്കൂട്ടറിൽ 40 കി.മീ./മണിക്കൂർ വേഗതയിൽ സഞ്ചരിച്ച് അരമണിക്കൂർകൊണ്ട് B -യിൽ എത്തിച്ചേർന്നു. എങ്കിൽ A -യിൽ നിന്നും B -യിലേക്കുള്ള ദൂരം എത്ര ?

(A) 15 കി.മീ. (B) 20 കി.മീ. (C) 30 കി.മീ. (D) 40 കി.മീ.

7. കൂട്ടുപലിശ കണക്കാക്കുന്ന ബാങ്കിൽ 8000 രൂപ നിക്ഷേപിച്ചു. 2 വർഷം കൊണ്ട് 9680 രൂപ ആയാൽ പലിശനിരക്ക് എത്ര?

(A) 5% (B) 6% (C) 8% (D) 10%

8. 35 കുട്ടികളുടെ ശരാശരി ഭാരം 47.5 കി.ഗ്രാം. ഒരു അധ്യാപികയുടെ ഭാരം കൂടി ചേർന്നപ്പോൾ ശരാശരി 500 ഗ്രാം കൂടി കൂടുതലായി. എങ്കിൽ അധ്യാപികയുടെ ഭാരം എത്ര ?

(A) 60.5 കി.ഗ്രാം. (B) 68.5 കി.ഗ്രാം. (C) 65.5 കി.ഗ്രാം (D) 64.5 കി.ഗ്രാം



[P.T.O.]

9. 41, 50, 59 ........ എന്ന ശ്രേണിയിലെ എത്രാം പദമാണ് 230 ?

(A) 22 (B) 21 (C) 20 (D) 23

10. ഒരു ഗോളത്തിന്റെ വ്യാസം ഇരട്ടിച്ചാൽ വ്യാപ്തം എത്ര മടങ്ങാകും ?

(A) 2 (B) 4 (C) 6 (D) 8

11. പൂരിപ്പിക്കുക. 199, 195, 186, 170, ________

(A) 144 (B) 145 (C) 146 (D) 150

12. 32 × 48 = 8423, 54 × 23 = 3245, 29 × 46 = 6492 ഇങ്ങനെ തുടർന്നാൽ 45 × 28 എത്ര ?

(A) 5248 (B) 5482 (C) 8254 (D) 4852

13. ഒറ്റയാനെ കണ്ടെത്തുക. 68, 77, 78, 86

(A) 68 (B) 77 (C) 78 (D) 86

14. + ഗുണനത്തേയും

− ഹരണത്തേയും

× സങ്കലനത്തേയും

÷ വ്യവകലനത്തേയും സൂചിപ്പിക്കുന്നുവെങ്കിൽ

[(35 × 20) + (25 ÷ 15)] − 5 എത്ര?

(A) 110 (B) 220 (C) 330 (D) 550

15. B -യുടെ മകനാണ് A. C -യുടെ അമ്മയാണ് B. D -യുടെ മകളാണ് C. A -യുടെ ആരാണ് D ?.

(A) അമ്മ (B) മകൾ (C) മകൻ (D) അച്ഛൻ

16. സമചതുരം : സമചതുരക്കട്ട : വൃത്തം : ________

(A) രേഖ (B) ഗോളം (C) വട്ടം (D) ത്രികോണം

17. S Narayanan 59298. ഇതിന്റെ പല രൂപങ്ങൾ തന്നിരിക്കുന്നു. ശരിയായതു മാത്രം എഴുതുക.

(A) S. Narayenan 59298 (B) S. Nareyanen 59298

(C) S. Narayanan 59298 (D) S. Narayanan 59928

18. 1991 ജൂൺ 1 ശനിയാഴ്ച ആയാൽ ജൂലൈ 1 ഏതു ദിവസമാണ് ?

(A) തിങ്കൾ (B) ശനി (C) ചൊവ്വ (D) വെള്ളി

19. ക്ലോക്കിലെ സമയം രണ്ടര മണിയാകുമ്പോൾ സൂചികൾക്കിടയിലുള്ള കോണളവ് എത്ര ?

(A) 90° (B) 105° (C) 120° (D) 110°

20. ഒരു ടൈംപീസിൽ 6 p.m. ആയപ്പോൾ മണിക്കൂർ സൂചി വടക്ക് വരത്തക്കവിധം താഴെ വച്ചു. എങ്കിൽ 9.15 p.m. ആകുമ്പോൾ മിനിറ്റു സൂചി ഏതു ദിശയിലായിരിക്കും ?

(A) വടക്ക് (B) തെക്ക് (C) കിഴക്ക് (D) പടിഞ്ഞാറ്

21. ഏതു രാജ്യങ്ങൾ തമ്മിലാണ് സിംലാ കരാർ ഉണ്ടാക്കിയത് ?

(A) ഇന്ത്യാ-ചൈന (B) ഇന്ത്യാ-പാകിസ്ഥാൻ

(C) ഇന്ത്യാ-നേപ്പാൾ (D) ഇന്ത്യാ-ബംഗ്ലാദേശ്

22. അർബുദ ബാധയെത്തുടർന്ന് അന്തരിച്ച 'ഹ്യൂഗോ ചാവേസ്' ഏത് രാജ്യത്തെ പ്രസിഡന്റായിരുന്നു ?

(A) ക്യൂബ (B) ചിലി (C) ബ്രസീൽ (D) വെനസ്വേല

23. സാമ്പത്തിക ശാസ്ത്രത്തിൽ നോബൽ സമ്മാനത്തിന് അർഹനായ ഇന്ത്യക്കാരൻ ആര് ?

(A) രവീന്ദ്രനാഥ ടാഗോർ (B) ആർ.പി.ദത്ത്

(C) അമർത്യസെൻ (D) ഹർഗോവിന്ദ് ഖൊരാന

24. "ഹിഗ്വിറ്റ" എന്ന കൃതിയുടെ രചയിതാവ് ആര് ?

(A) നന്ദനാർ (B) എൻ.എസ്.മാധവൻ

(C) പി.സി. കുട്ടികൃഷ്ണൻ (D) ഇവരാരുമല്ല

25. 2012 -ലെ വള്ളത്തോൾ പുരസ്കാരം ലഭിച്ചതാർക്ക് ?

(A) അക്കിത്തം (B) ശ്രീകുമാരൻ തമ്പി

(C) ആറ്റൂർ രവിവർമ്മ (D) യൂസഫലി കേച്ചേരി

SEAL

26. 'ക്ലോറോ അസറ്റോ ഫിനോൺ' ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു ?

(A) ബ്ലീച്ചിംഗ് പൗഡർ (B) കണ്ണീർ വാതകം

(C) പാരസെറ്റമോൾ (D) ആസ്പിരിൻ

27. ഇന്ത്യയിൽ ടെലഗ്രാഫ് സംവിധാനം നിർത്തലാക്കിയത് എന്നു മുതൽ ?

(A) 2013 ജൂൺ 15 (B) 2013 ജൂലൈ 25 (C) 2013 ജൂലൈ 15 (D) 2013 ജൂൺ 27

28. പ്രശസ്തമായ 'കേദാർനാഥ്' ക്ഷേത്രം ഏത് സംസ്ഥാനത്താണ് ?

(A) മഹാരാഷ്ട്ര (B) ബീഹാർ (C) ഛത്തീസ് ഗഢ് (D) ഉത്തരാഖണ്ഡ്

29. ഹിരർ അംഗടി, ഉന്നീഷെ ഏപ്രിൽ, അന്തർ മഹൽ തുടങ്ങിയ ബംഗാളി സിനിമകളുമായി ബന്ധപ്പെട്ട വ്യക്തി ആര് ?

(A) സത്യജിത്ത് റേ (B) റോയ് ചൗധരി

(C) അമിതാഭ് ബച്ചൻ (D) ഋതുപർണഘോഷ്

30. കായിക താരം 'യെലേന ഇസിൻബയേവ' ഏത് ഇനത്തിലാണ് പ്രശസ്തയായത് ?

(A) നീന്തൽ (B) ടെന്നീസ്

(C) പോൾവാൾട്ട് (D) ടേബിൾ ടെന്നീസ്

31. A, B, O രക്ത ഗ്രൂപ്പ് കണ്ടെത്തിയ ശാസ്ത്രജ്ഞൻ ആര് ?

(A) കാൾ ലൂയിസ് (B) വില്ല്യം ഹാർവി

(C) കാൾലാന്റ് സ്റ്റെയ്നർ (D) കാൾ പിയേഴ്സൺ

32. മാംസ്യ സംശ്ലേഷണവുമായി ബന്ധപ്പെട്ട കോശാംഗമേത് ?

(A) ലൈസോസോം (B) റൈബോസോം

(C) ലൈസോസൈം (D) സെൻട്രോസോമം

33. താഴെ പറയുന്നവയിൽ വിറ്റമിൻ സി എന്നറിയപ്പെടുന്നത് ഏത് ?

(A) റൈബോഫ്ലാവിൻ (B) തയാമിൻ

(C) അസ്കോർബിക് ആസിഡ് (D) സിട്രിക് ആസിഡ്

A

34. താഴെ പറയുന്നവയിൽ ആസാമിലെ നാഷണൽ പാർക്ക് ഏത് ?

(A) കൻഹ (B) കാശിരംഗ (C) ഹസാരിബാഗ് (D) ബന്ദിപ്പൂർ

35. 'പിസികൾച്ചർ' ഏതു മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു ?

(A) തേനീച്ച വളർത്തൽ (B) പട്ടുനൂൽ കൃഷി
(C) കൂൺ കൃഷി (D) മത്സ്യകൃഷി

36. താഴെ പറയുന്നവയിൽ ലോക പുകയില വിരുദ്ധ ദിനം ഏത് ?

(A) മെയ് 31 (B) ജൂൺ 25 (C) ജൂലൈ 26 (D) ജൂലൈ 25

37. കൂടങ്കുളം ആണവ നിലയം ഏത് ജില്ലയിലാണ് ?

(A) തിരുപ്പൂർ (B) തിരുനെൽവേലി (C) കന്യാകുമാരി (D) കോയമ്പത്തൂർ

38. പോളിയോ തുള്ളിമരുന്ന് കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ ആര് ?

(A) ജോഹാൻസൺ (B) ലൂയി പാസ്ചർ
(C) ആൽബർട്ട് സാബിൻ (D) എഡ്വേർഡ് ജെന്നർ

39. 'വേൾഡ് വൈഡ് വെബ്' ആവിഷ്കരിച്ചത് ആര് ?

(A) റേ ടോംലിൻസൺ (B) ലിനസ് ടൊർവാൾഡ്സ്
(C) ടി. ബെർണേഴ്സ് ലീ (D) ബിൽ ഗേറ്റ്സ്

40. ഇപ്പോൾ ഭൂമിയിൽ നിന്ന് ഏറ്റവും അകലെ സ്ഥിതി ചെയ്യുന്ന മനുഷ്യ നിർമ്മിതമായ വസ്തു ഏതാണ് ?

(A) എഡ്യൂസാറ്റ് (B) വോയേജർ ഒന്ന് (C) മിറാൻഡ (D) ടൈറ്റൻ

41. പ്രാചീന കേരളത്തിൽ വിവിധ തിണകൾ നിലനിന്നിരുന്നു. പർവ്വത പ്രദേശം ഉൾപ്പെട്ട തിണയുടെ പേര് ഏത് ?

(A) മുല്ലൈ (B) പാലൈ (C) കുറിഞ്ചി (D) മരുതം

42. സിക്കിമിന്റെ തലസ്ഥാനം ഏത് ?

(A) ഇറ്റാനഗർ (B) ഇംഫാൽ (C) സിംല (D) ഗാങ്ടോക്

43. തരിസാപ്പള്ളി പട്ടയവുമായി ബന്ധപ്പെട്ട സിറിയൻ ക്രിസ്ത്യൻ നേതാവ് ആര് ?

(A) വാസ്കോഡഗാമ
(B) കേണൽ മെക്കാളെ
(C) കേണൽ മൺറോ
(D) മാർ സപീർ ഈശോ

44. ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ പർവ്വത നിര ഏത് ?

(A) മൗണ്ട് എവറസ്റ്റ്
(B) കാഞ്ചൻജംഗ
(C) മൗണ്ട് K.2
(D) നാഗപർവ്വതം

45. റൂർക്കേല ഉരുക്കു നിർമ്മാണശാല സ്ഥാപിക്കുവാൻ ഇന്ത്യയെ സഹായിച്ച രാജ്യം ഏത്?

(A) പാകിസ്ഥാൻ (B) റഷ്യ (C) ഇംഗ്ലണ്ട് (D) ജർമ്മനി

46. കൊടുങ്ങല്ലൂർ, പ്രാചീനകാലത്ത്, ഒരു തുറമുഖ നഗരം ആയിരുന്നു. അതിന്റെ പേര് എന്ത്?

(A) തിണ്ടിസ് (B) മുസിരിസ് (C) കൊച്ചി (D) കോഴിക്കോട്

47. ശബരിനദി ഏതുനദിയുടെ പോഷക നദിയാണ് ?

(A) പമ്പ (B) കൃഷ്ണ (C) ഭാരതപ്പുഴ (D) ഗോദാവരി

48. ചവിട്ടു നാടകം എന്ന കലാരൂപം കേരളത്തിൽ എത്തിച്ചതാര് ?

(A) ബ്രിട്ടീഷുകാർ
(B) പോർച്ചുഗീസുകാർ
(C) ഡച്ചുകാർ
(D) ഫ്രഞ്ചുകാർ

49. ഉത്തര-മദ്ധ്യ റെയിൽവേയുടെ ആസ്ഥാനം ഏത് ?

(A) അലഹബാദ് (B) ന്യൂഡൽഹി (C) മുംബൈ (D) ജയ്പ്പൂർ

50. അലാവുദ്ദീൻ ഖിൽജി, കമ്പോളത്തിലെ ദൈനം ദിന കാര്യങ്ങൾ നിയന്ത്രിക്കുവാൻ, നിയമിച്ച ഉദ്യോഗസ്ഥൻ ആര് ?

(A) മൻസബ് (B) ഷാഹ്ന (C) ഷിക്ദാർ (D) സുബേദാർ

51. ഇന്നത്തെ അയോദ്ധ്യ, ഗുപ്തഭരണ കാലത്ത്, അറിയപ്പെട്ടിരുന്നത് ഏതു പേരിലാണ് ?

(A) സാകേതം (B) പ്രയാഗ് (C) പാടലിപുത്രം (D) ഗംഗാതടം

SEAL

52. ശാശ്വതഭൂനികുതി വ്യവസ്ഥ നടപ്പിലാക്കിയ ഗവർണർ ജനറൽ ആര് ?

(A) ഡൽഹൗസി (B) കോൺവാലിസ് (C) വെല്ലസ്ലി (D) കഴ്സൺ

53. 1890-ലെ കൽക്കത്താ കോൺഗ്രസ് സമ്മേളനത്തിൽ പ്രസംഗിച്ച മഹിളാനേതാവാര് ?

(A) സരോജിനി നായിഡു (B) റാണിലക്ഷ്മീഭായി

(C) ഇന്ദിരാഗാന്ധി (D) കാദംബരി ഗാംഗുലി

54. ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണ സഭയുടെ അദ്ധ്യക്ഷൻ ആരായിരുന്നു ?

(A) ഡോ. ബി.ആർ. അംബേദ്കർ (B) ഡോ. എസ്. രാധാകൃഷ്ണൻ

(C) ഡോ. രാജേന്ദ്രപ്രസാദ് (D) ജവഹർലാൽ നെഹ്റു

55. എത്രാമത്തെ ഭേദഗതിയിലൂടെയാണ് 'സോഷ്യലിസം' എന്ന വാക്ക് ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ ചേർത്തത് ?

(A) 42-ാം ഭേദഗതി (B) 41-ാം ഭേദഗതി (C) 40-ാം ഭേദഗതി (D) 43-ാം ഭേദഗതി

56. നാഗാർജ്ജുനാ സാഗർ പദ്ധതി ഏതു നദിയിലാണ് നടപ്പിലാക്കിയിരിക്കുന്നത് ?

(A) കാവേരി (B) നർമ്മദാ (C) ഗോദാവരി (D) കൃഷ്ണാ

57. "രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി കൊലമരം കയറുന്ന ആദ്യത്തെ മുസൽമാൻ ഞാനാണെന്നോർക്കുമ്പോൾ - എനിക്ക് അഭിമാനം തോന്നുന്നു". ഇങ്ങനെ പറഞ്ഞതാര് ?

(A) മുഹമ്മദ് ഇക്ബാൽ (B) അഷ്ഫാഖ് ഉല്ലാഖാൻ

(C) മൗലാനാ ആസാദ് (D) മുഹമ്മദാലി ജിന്ന

58. 1896-ൽ ദാദാഭായി നവറോജി രൂപീകരിച്ച സംഘടന ഏത് ?

(A) ഈസ്റ്റിന്ത്യാ അസോസിയേഷൻ (B) ഇന്ത്യൻ അസോസിയേഷൻ

(C) മദ്രാസ് മഹാജന സഭ (D) പൂനെ സാർവ്വജനിക സഭ

59. ഡൽഹി-അമൃത്സർ ദേശീയ പാത ഏത് ?

(A) N.H. 47 (B) N.H. 7 (C) N.H. 8 (D) N.H. 1

60. സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ, ചെയർമാനെ കൂടാതെ, എത്ര അംഗങ്ങൾ ഉണ്ട് ?

(A) 1 (B) 4 (C) 2 (D) 3

A

61. സുപ്രീം കോടതിയുടെ ഒരു വിധി പുനഃ പരിശോധിക്കുവാനുള്ള അധികാരം ആർക്കാണ് ഉള്ളത്?

(A) പ്രധാനമന്ത്രി (B) ഹൈക്കോടതി (C) ഗവർണർ (D) സുപ്രീംകോടതി

62. 1921 ഏപ്രിൽ മാസത്തിൽ അഖില കേരളാ കോൺഗ്രസ് സമ്മേളനം നടന്ന സ്ഥലം ഏത് ?

(A) കോഴിക്കോട് (B) ഒറ്റപ്പാലം (C) പയ്യന്നൂർ (D) പാലക്കാട്

63. ഒന്നാം പഞ്ചവത്സര പദ്ധതിയിൽ, ഇന്ത്യ മുൻഗണന നല്കിയത്, ഏതിനായിരുന്നു ?

(A) വ്യവസായം (B) ഗതാഗതം

(C) കൃഷി (D) പാർപ്പിടനിർമ്മാണം

64. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആസ്ഥാനം എവിടെ ?

(A) ന്യൂഡൽഹി (B) മുംബൈ (C) ചെന്നൈ (D) കൊൽക്കത്ത

65. പ്രതിഫലം നൽകാതെ നിർബ്ബന്ധമായി ജോലി ചെയ്യിക്കുന്ന സമ്പ്രദായം ഇന്ത്യയിൽ പഴയകാലത്ത് നിലനിന്നിരുന്നു. അതിന്റെ പേരെന്ത് ?

(A) ജാഗിർദാരി (B) സെമിന്ദാരി (C) കോർവി (D) വിഷ്ടി

66. "ബുദ്ധൻ ചിരിക്കുന്നു". ഇത് എതിനെ സൂചിപ്പിക്കുന്ന രഹസ്യനാമമാണ് ?

(A) ഇന്ത്യാ-പാകിസ്ഥാൻ യുദ്ധം

(B) ഇന്ത്യയുടെ അണുസ്ഫോടനം

(C) ഇന്ത്യയുടെ ഉപഗ്രഹ വിക്ഷേപണം

(D) ഇന്ത്യാ-ചൈനാ യുദ്ധം

67. ബ്രിട്ടീഷുകാരോട് പോരാടി പഴശ്ശിരാജാവ് വീരമൃത്യു വരിച്ചതെന്ന് ?

(A) 1805 നവംബർ 30 (B) 1805 നവംബർ 28

(C) 1806 നവംബർ 30 (D) 1806 നവംബർ 28

68. 1857-ലെ വിപ്ലവത്തിൽ, ബിഹാറിൽ ബ്രിട്ടീഷുകാർക്കെതിരെ സമരം നയിച്ച നേതാവാര് ?

(A) നാനാസാഹിബ് (B) ഝാൻസിറാണി

(C) കൺവർസിംഗ് (D) താന്തിയാ തോപ്പി

69. ബ്രിട്ടീഷുകാരുടെ നികുതി നയത്തിനെതിരായി ഛോട്ടാനാഗ്പ്പൂരിൽ കലാപം ഉണ്ടാക്കിയ ഗോത്രവർഗ്ഗം ഏത് ?

(A) മുണ്ട (B) കുറിച്ച്യർ (C) സാന്താൾ (D) കോൾ

70. "ഇന്നലെ വരെ ഇന്ത്യയുടെ കുറ്റങ്ങൾക്കും കുറവുകൾക്കും നമുക്ക് പഴി പറയുവാൻ ബ്രിട്ടീഷുകാരുണ്ടായിരുന്നു. ഇനി മുതൽ നമ്മുടെ കുറ്റങ്ങൾക്കും കുറവുകൾക്കും നാം നമ്മെത്തന്നെയാണ് പഴി പറയേണ്ടത് ". ഇത് ആരുടെ വാക്കുകളാണ് ?

(A) ജവഹർലാൽ നെഹ്റു (B) ബി.ആർ. അംബേദ്കർ

(C) മഹാത്മാ ഗാന്ധിജി (D) സർദാർ പട്ടേൽ

71. The science of *meanings* and effects of words is called ________.

(A) verbology (B) semantics

(C) phonetics (D) correlative science

72. *"bona fide"* means ________.

(A) in good condition (B) not true

(C) in good faith (D) good-natured

73. Correctly spelt word is ________.

(A) nocturnal (B) vociferuos (C) benafactor (D) clamarous

74. The opposite of *stagnant* is ________.

(A) stable (B) straight (C) mobile (D) not strong

75. *'to show white feathers'* means ________.

(A) to show fear (B) to show the attractive side

(C) be on the winning side (D) you are welcome

76. It was a nice idea of you ________ that house.

(A) buying (B) to buying (C) to buy (D) bought

77. The guard ________ by the loud noise of the burgler's alarm.

(A) woke up (B) woken up (C) wake up (D) was woken up

A

A

78. The Prime Minister ________ the President to clarify the matter in detail.

(A) called at (B) called on (C) call by (D) call with

79. Oh ! She was treating the strange boy ________ he was her own son.

(A) as if (B) as (C) as good as (D) whatever

80. ________ we were very busy with the rehersal, we didn't have enough time to meet you.

(A) When (B) While (C) As (D) Because

81. This years monsoon has been ________ in the last two decades.

(A) the good (B) the worst (C) the better (D) best

82. ________ the Panchayath President nor the members attended the meeting.

(A) Neither (B) Either (C) Both (D) Neither of

83. Which part of the sentence '*She has just completed a five years integrated PG course*', is incorrect ?

(A) She has just competed (B) a

(C) five years (D) integrated PG course

84. They ________ the same mistake four times this month.

(A) made (B) have made (C) had made (D) are making

85. Drivers must conform ________ traffic rules to avoid accidents.

(A) with (B) for (C) to (D) in

86. If you had gone there, you ________ the clear picture of the incident.

(A) Should get (B) Should have got (C) have got (D) get

87. When was ________ Radio invented ?

(A) the (B) a (C) an (D) one

88. The news ________ really going to shake the Government to the roots.

(A) were (B) was (C) are (D) do

89. The project was highly rewarding to the rural people, ________

(A) was it ? (B) were it ? (C) wasn't it ? (D) will it ?

90. The rider swirled the whip and the horse jumped up ________ a white cloud of dust.

(A) rising (B) rose up (C) raising (D) rasing

91. വെളുത്ത പശു പച്ചപ്പുല്ല് വേഗത്തിൽ തിന്നുന്നു. ക്രിയാവിശേഷണം ഏത് ?

(A) വെളുത്ത (B) പശു (C) വേഗത്തിൽ (D) തിന്നുന്നു

92. ദ്വിത്വസന്ധിക്ക് ഉദാഹരണം ഏത് ?

(A) കാറ്റുണ്ട് (B) തിരുവോണം (C) കടൽത്തിരം (D) വാഴയില

93. പകൽ വന്നു പോയി, രാത്രി വന്നു പോയി, അവൾ ഉറങ്ങിയില്ല.

ഒറ്റപ്പദമാക്കുമ്പോൾ :

(A) പകൽ വന്നു പോയിട്ടും രാത്രി വന്നു പോയിട്ടും അവൾ ഉറങ്ങിയില്ല.

(B) പകലും വന്നുപോയി രാത്രിയും വന്നു പോയി അവൾ ഉറങ്ങിയതേയില്ല.

(C) പകലും രാത്രിയും വന്നു പോയിട്ടും അവൾ ഉറങ്ങിയതേയില്ല.

(D) പകലും രാത്രിയും വന്നു പോയിട്ടും അവൾ ഉറങ്ങിയില്ല.

94. ശരിയായ പദമേത് ?

(A) അപോഴപോൾ (B) അപ്പൊഴപ്പോൾ

(C) അപ്പോഴപ്പോൾ (D) അപ്പോഴപോൾ

A

A

95. ദൗഹിത്രി - അർത്ഥമെന്ത് ?

(A) മകളുടെ മകൾ (B) മകന്റെ മകൻ (C) മകന്റെ മകൾ (D) മകളുടെ മകൻ

96. 2012-ൽ സച്ചിദാനന്ദന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതി.

(A) ഒരു കുരുവിയുടെ പതനം (B) മരുഭൂമികൾ ഉണ്ടാകുന്നത്

(C) മറന്നുവെച്ച വസ്തുക്കൾ (D) കണ്ണീർത്തുള്ളി

97. കുഞ്ഞനന്തൻ നായരുടെ തൂലികാനാമം.

(A) ഉറൂബ് (B) മാലി (C) തിക്കോടിയൻ (D) ശ്രീ

98. രവീന്ദ്രനാഥ ടാഗോറിന് നോബൽ സമ്മാനം ലഭിച്ച കൃതി.

(A) ഹോം കമിങ് (B) ഗീതാഞ്ജലി (C) കാബൂളിവാലാ (D) പുഷ്പാഞ്ജലി

99. Best Seller - അർത്ഥമാക്കുന്നത് :

(A) ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന പുസ്തകം

(B) നല്ല കച്ചവടക്കാരൻ.

(C) മെച്ചമായ സ്ഥിതി

(D) പരമാവധി ശ്രമിക്കുക

100. Storm in a tea cup : ശരിയായ മലയാളപദം ഏത് ?

(A) ചായക്കോപ്പയിലെ കാറ്റ് (B) ചായക്കോപ്പസ്യിലെ കൊടുങ്കാറ്റ്

(C) ചായക്കോപ്പകളിലെ കാറ്റ് (D) ചായക്കോപ്പകളിലെ കൊടുങ്കാറ്റ്

- o0o -